**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം, കണ്ണൂർ, നിലമ്പൂർ, കോട്ടയ്ക്കൽ, തൊടുപുഴ, പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർകോട് നഗരസഭകൾക്ക് റോഡ് നവീകരണത്തിനായി 37.6 കോടി രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ (സാധ) നമ്പർ 2899/2014/തസ്വഭവ തീയതി, തിരുവനന്തപുരം 06.11.2014

==================================================================

പരാമർശം:- 1) 3/3/2014ലെ സ.ഉ(സാധ)627/2014/തസ്വഭവ നമ്പർ ഉത്തരവ്.
2) 2/6/2014ലെ സ.ഉ(സാധ)1366/2014/തസ്വഭവ നമ്പർ ഉത്തരവ്.
3) 13/8/2014ൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
4) 4/9/2014ലെ തസ്വഭവ ചീഫ് എഞ്ചിനീയറുടെ ഡിബി5/8700/2014/ സിഇ/തസ്വഭവ. നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരളത്തിലെ മലപ്പുറം, കണ്ണൂർ, നിലമ്പൂർ, കോട്ടയ്ക്കൽ, തൊടുപുഴ, പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർകോട് നഗരസഭകൾക്ക് റോഡ് നവീകരണത്തിന് ആകെ 37.6 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.

എന്നാൽ ടി മുനിസിപ്പാലിറ്റികളിലെ റോഡ് നവീകരണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹിക്കേണ്ടതും ആയതിന് ആവശ്യമായ തുക ബന്ധപ്പെട്ട നഗരസഭകൾ പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ നിക്ഷേപിക്കേണ്ടതുമാണെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പരിഷ്കരിച്ചുകൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ലഭ്യമായ തനതു ഫണ്ട് ഉപയോഗിച്ച് ടി പ്രവൃത്തി നടപ്പാക്കുന്നതിനും കുറവുവരുന്ന തുക Additional Authorisation വഴി ധനകാര്യവകുപ്പിൽ നിന്നും ലഭ്യമാക്കണമെന്നും പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിക്കൊണ്ടുമുള്ള പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

............ (2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം, കണ്ണൂർ, നിലമ്പൂർ, കോട്ടയ്ക്കൽ, തൊടുപുഴ, പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർഗോഡ് എന്നീ നഗരസഭകൾക്ക് റോഡ് നവീകരണത്തിനായി അനുവദിച്ച 37.6 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിക്കൊണ്ടും, ആയതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ലഭ്യമായ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനും, കുറവുവരുന്ന തുക Additional Authorisation വഴി കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു കൊണ്ട് പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**എ പി എം മുഹമ്മദ് ഹനീഷ്**
സെക്രട്ടറി (നഗരകാര്യം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (R&B) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide UO No. 12850/SFC-C1/2014/Fin. dtd. 4.2.2014)
പൊതുമരാമത്ത് (ജി) വകുപ്പ് (vide Lr.No.21766/G3/2014/PWD dtd. 26.8.2014)
പൊതുഭരണ (എസ്.സി) വകുപ്പ്
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ & പി.ആർ.ഡി/ വെബ് & ന്യൂമീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:-
1) നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്
2) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്
3) തസ്വഭവ. പ്രിൻ. സെക്രട്ടറിയുടെ പി.എ
4) തസ്വഭവ. സെക്രട്ടറി (നഗരകാര്യം)യുടെ പി.എ
5) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ
6) തീർപ്പു ഫയൽ 3/3/2014ലെ സ.ഉ (സാധ) 627/2014/തസ്വഭവ നമ്പർ ഉത്തരവ്.
7) തീർപ്പു ഫയൽ 2/6/2014ലെ സ.ഉ(സാധ)1366/2014/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ